# Week -1

*Weekly - Devotion October – 2016*

# Seek and find ( അന്വേഷിക്കുക, കണ്ടെത്തുക)




October 2nd നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധിയുടെ ജന്മദിനമാണ്. അക്രമരാഹിത്യം സത്യത്തിന്റെ വഴി ഈ മാർഗ്ഗങ്ങൾ അന്വേഷിച്ച് കണ്ടെത്തി അതിലൂടെ ഒരു രാജ്യത്തിന്റെ തന്നെ പുതു ജനനത്തിന് വഴി ഒരുക്കിയ മഹാനാണ് മഹാത്മാഗാന്ധി. ഇന്ന് സ്വാതന്ത്ര്യത്തെ ദുസ്വാതന്ത്ര്യത്തിലാക്കേണ്ടവർ അദ്ദേഹത്തെ മറക്കുന്നു. സത്യാന്വേഷകനെ അസത്യം മാത്രമുള്ള ഇന്നത്തെ ലോകം ഇഷ്ടപ്പെടുന്നില്ല. സത്യം, ദയ എന്നുള്ള നല്ല കാര്യങ്ങൾ അദ്ദേഹം ഇഷ്ടപ്പെട്ടതിനെ വെറുക്കുന്നവർ അദ്ദേഹത്തെയും വെറുക്കുന്നു. കാരണം ഇന്ന് ആർക്കും ആരോടും ദയയില്ല.

അന്വേഷണാ മനോഭാവം സത്യങ്ങളെ കണ്ടെത്തുവാനും, ആഗ്രഹങ്ങൾ സഫലീകരിക്കുന്നതിനും സഹായിക്കുന്നു. അന്വേഷിക്കാത്തവർക്ക് ഒന്നും പ്രാപ്യമാക്കുവാൻ കഴിയുന്നില്ല, സത്യാവസ്ഥ അറിയേണ്ടവർ അതിനെപ്പറ്റി അന്വേഷിക്കണം. ഒരിക്കൽ സാമുവേൽ മോറിസ് എന്ന ആഫ്രിക്കക്കാരൻ ബാലനോട് ഒരു മിഷനറി സുവിശേഷം അറിയിച്ചു. യേശു എന്ന പേരുപോലും കേട്ടിട്ടില്ലാത്ത ഈ ബാലൻ സുവിശേഷത്താൽ ആകൃഷ്ടനായി, യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. എന്നാൽ കൂടുതൽ അറിയുവാൻ ആഗ്രഹിച്ച ബാലൻ പിതാവാം ദൈവം, പുത്രനാം ദൈവം, പരിശുദ്ധാത്മാം ദൈവം എല്ലാറ്റിനെപ്പറ്റിയും മിഷനറിയോട് സംശയങ്ങൾ ചോദിച്ചു.

ത്രീത്വത്തിൽ മൂന്നാമൻ എന്ന മിഷനറിയുടെ വാക്ക് വീണ്ടും പല സംശയങ്ങൾ അവനിലുളവാക്കി. വ്യക്തമായ ഒരു ഉത്തരം ലഭിപ്പാനാഗ്രഹിച്ച സാമുവേലിനെ ഇംഗ്ലണ്ടിലുള്ള തന്റെ ഗുരുവിന്റെ അടുക്കലേക്ക് സുവിശേഷകൻ അയച്ചു. താൻ കണ്ടെത്തിയ ഗുരുവിനോടൊപ്പം സാമുവേൽ ഞായാറാഴ്ച ആരാധനയ്ക്കായി ദേവാലയത്തിലെത്തി. അന്നത്തെ വചന സന്ദേശത്തിനായി എഴുന്നേറ്റു നിന്ന പാസ്റ്ററോട് സാമുവേൽ ഈ സഭയ്ക്കുള്ള ഒരു ദൂത് ദൈവം തന്നത് പങ്കുവച്ചുകൊള്ളട്ടെ എന്ന്




ചോദിച്ചു. കറുത്ത വർഗ്ഗക്കാരനായ സാമുവേലിനെ വെള്ളക്കാർ സൂക്ഷിച്ചുനോക്കി. ഇവരുടെ നോട്ടത്തിന്റെ അർത്ഥം മനസ്സിലാക്കിയ പാസ്റ്റർ അവസരം നൽകുവാൻ ഭയപ്പെട്ടു. എന്നാലവന്റെ മുഖത്തെ തേജസ്സ്, ദൃഢത ഇവ കണ്ട പാസ്റ്റർ തലകുലുക്കി അനുവാദം നൽകി. നമുക്ക് പ്രാർത്ഥിക്കാം എന്ന പറഞ്ഞ നിമിഷം തന്നെ ഒരു ശക്തി അവനിൽ നിന്നൊഴുകുവാൻ തുടങ്ങി. ആഫ്രിക്കക്കാരനെ ദേഷ്യത്തോടെ വെറുപ്പോടെ നോക്കിയവർ മുട്ടുകുത്തിനിന്ന് കരയുവാൻ തുടങ്ങി. ഇന്നുവരെ ഇത്രയും വെള്ളക്കാരെ ഒന്നിച്ച് കണ്ടിട്ടില്ലാത്തവൻ, ദൈവചനം പഠിക്കാത്തവൻ, പ്രസംഗിക്കാത്തവൻ ഇതെങ്ങനെ സംഭവിച്ചു. പരിശുദ്ധാത്മാവിനെപ്പറ്റി അറിയുവാനാഗ്രഹിച്ച അവന്റെ മേൽ ദൈവം തന്റെ പരിശുദ്ധാത്മാവിനെ അയച്ചു. അതേ ആഗ്രഹത്തോടെ ഇറങ്ങി സത്യമായ കാര്യത്തെക്കുറിച്ച് അന്വേഷിക്കുന്നവർക്ക്, അത് കണ്ടെത്തി അനുഭവിപ്പാനും മറ്റുള്ളവരിലേക്ക് അത് പകരുവാനും കഴിയും. വെള്ളക്കാരയ വിശ്വാസികളുടെ ആദ്യ അനുഭാവമായിരുന്നു ഇത്, ഈ വലിയ ആഗ്രഹമാണ് സാമുവേൽ മോറിസ് എന്ന ദൈവദാസനെ ലോകത്തിന് ലഭിപ്പാൻ കാരണമായത്.

ഭയത്തിന്റെ പിടിയിലകപ്പെട്ട അറിവില്ലാത്ത തന്റെ ശിഷ്യന്മാരെ ശക്തരും ജ്ഞാനികളുമാക്കുവാനാണ്, കാത്തിരുന്ന് പരുശുദ്ധാത്മാവിനെ പ്രാപിക്കുക എന്ന നിർദ്ദേശം

യേശു അവർക്ക് നൽകിയത്. ആ വാക്കനുസരിച്ചവരിൽ ഒരാളായ പത്രോസിന്റെ ആദ്യ പ്രസംഗത്തിൽ സ്നാനം ഏറ്റ് മൂവായിരം പേർ സഭയോട് ചേർന്നു (Acts 2).

യോഹ: (1:35) ൽ യേശുവിനെ കണ്ട യോഹന്നാൻ സ്നാപകൻ 'ഇതാ ദൈവത്തിന്റെ കുഞ്ഞാട്' എന്ന് പറയുന്നതു കേട്ട് അവനെപ്പറ്റി അറിയുവാൻ ആഗ്രഹിച്ച് പിന്നാലെ പോയി കണ്ടെത്തുകയും ചെയ്തു. കണ്ടെത്തിയവരിൽ ഒരാളായ അന്ത്രെയോസ്സാണ് പത്രോസിനെ താൻ കണ്ടെത്തിയ ഗുരുവിന്റെ അടുക്കലെത്തിച്ചത്. വർഷങ്ങളായി പാരമ്പര്യ ക്രിസ്ത്യാനി എന്ന മേലെഴുത്തുമായി നിൽക്കുന്ന സഹോദരങ്ങളെ ഈ യേശുവിനെ കണ്ടെത്തുവാൻ സമയം കണ്ടെത്താറുണ്ടോ. ഈ ആഗ്രഹം ഉള്ളിലുണ്ടായാൽ കണ്ടെത്തുവാനും, കാണിച്ചു കൊടുപ്പാനും ദൈവം സഹായിക്കുന്നു. എന്റെ മക്കൾ എന്നെ മറന്ന് ലോകത്തെ അന്വേഷിക്കുന്നു എന്ന് ദൈവം സങ്കടപ്പെടുവാൻ ഇടയാകാതെ കുഞ്ഞുങ്ങളെ യൗവ്വനത്തിൽ തന്നെ 'യേശുവിനെ അന്വേഷിച്ച് കണ്ടെത്തുന്നവരാകുക'.

## പ്രാർത്ഥന

സ്വർഗ്ഗരാജ്യം നല്ലമുത്ത് അന്വേഷിക്കുന്ന ഒരു വ്യാപാരിയെപ്പോലെ എന്ന് ഞങ്ങളെ പഠിപ്പിച്ച യേശുവേ ! ഈ ലക്ഷ്യത്തിലെത്തിച്ചേരുവാൻ ഞങ്ങളെ അന്വേഷണ മനോഭാവമുള്ളവരാക്കേണമേ. അന്വേഷിച്ചു കണ്ടെത്തി അത് മറ്റുള്ളവർക്കു കൂടെ കാട്ടിക്കൊടുപ്പാൻ ജ്ഞാനാത്മാവിനെ തന്നും അനുഗ്രഹിക്കേണമേ.

ആമേൻ.

Santhamma Varghese

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind